**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക - ശ്രീ. സഹദേവൻ സമർപ്പിച്ചിരിക്കുന്ന WP(C) 39321/2022 നമ്പർ ഹർജിയിന്മേൽ 06.12.2022 ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ. (സാധാ) നം.4241/2023/ധനം തീയതി, തിരുവനന്തപുരം, 05/06/2023**

പരാമർശം :- 1) സ.ഉ. (എം.എസ്) നം.97/2020/ധന തീയതി 23.09.2020.
2) ശ്രീ. സഹദേവൻ ഫയൽ ചെയ്ത WP(C) 39321/2022 നമ്പർ ഹർജിയിന്മേൽ 06.12.2022 ന് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം

**<u>ഉത്തരവ്</u>**

മരണപ്പെട്ട മക്കളുടെ വികലാംഗ പെൻഷൻ കുടിശ്ശിക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പിതാവായ ശ്രീ. സഹദേവൻ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽചെയ്ത WP (C) 39321/2022 നമ്പർ ഹർജിയിന്മേൽ ബഹു. കോടതി 06.12.2022 -ൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. ടി വിധിന്യായം ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഹർജിക്കാരനേയും മറ്റ് ബന്ധപ്പെട്ടവരേയും കേട്ടതിനുശേഷം തീരുമാനമെടുക്കണമെന്നാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ടി വിധിന്യായം ധനകാര്യ വകുപ്പിന് ലഭിച്ചത് 13.03.2023 ന് ആണ്. ബഹു. ഹൈക്കോടതി വിധിന്യായം പ്രകാരം ഹർജിക്കാരനായ ശ്രീ. സഹദേവനെയും ഹർജിയിലെ മൂന്നാം എതിർ കക്ഷിയായ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെയും കേൾക്കുന്നതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ് ജോയിന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ മുറിയിൽ വച്ച് 12.04.2023 ന് നിശ്ചയിച്ച ഹിയറിംഗിന് ടി കക്ഷികളെ ക്ഷണിക്കുകയുണ്ടായെങ്കിലും പങ്കെടുക്കുകയുണ്ടായില്ല. തുടർന്ന് 19.05.2023 ഹിയറിംഗിനായി മറ്റൊരവസരം നൽകുകയുണ്ടായി. എന്നാൽ ശ്രീ. സഹദേവൻ പ്രസ്തുത ഹിയറിംഗിലും പങ്കെടുക്കുകയുണ്ടായില്ല; കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പങ്കെടുക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

2. ഹർജിക്കാരന്റെ ഒരു മകളായിരുന്ന ശ്രീമതി. സുനിതയ്ക്ക് 103610400083 എന്ന ഐ.ഡി. നമ്പർ പ്രകാരം 2004 ജൂലൈ മുതൽ വികലാംഗ പെൻഷൻ അനുവദിക്കുകയും 2019 സെപ്റ്റംബർ മാസം വരെ ആയത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൾ 14.02.2020 ന് മരണപ്പെടുകയും അതുവരെ അനുവദിച്ചിട്ടുള്ള പെൻഷൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഹർജിക്കാരന്റെ മറ്റൊരു മകളായിരുന്ന ശ്രീമതി. സവിത സഹദേവന് 103610400342 എന്ന

ഐ.ഡി. പ്രകാരം 2009 ഡിസംബർ മുതൽ വികലാംഗ പെൻഷൻ അനുവദിക്കുകയും 2019 ഏപ്രിൽ മാസം വരെ ആയത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൾ 28.07.2019 ന് മരണപ്പെടുകയും അതുവരെ അനുവദിച്ചിട്ടുള്ള പെൻഷൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പരാമർശം 1 പ്രകാരം, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷമുള്ള പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ, കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, മരണപ്പെട്ട ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയില്ല എന്ന വ്യവസ്ഥ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്ക് നൽകുന്നതായ സാമൂഹ്യ സുരക്ഷാ പെൻഷന് ഗുണഭോക്താവിന്റെ മരണ ശേഷം പ്രസക്തിയില്ല എന്ന വസ്തുത എന്നിവ കണക്കിലെടുത്തുകൊണ്ട്, മക്കളുടെ മരണശേഷം അനുവദിക്കപ്പെട്ട വികലാംഗ പെൻഷൻ പിതാവായ ശ്രീ. സഹദേവന് നൽകാനാവില്ല എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം 2 പ്രകാരം ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിരിക്കുന്ന വിധിന്യായം ഇത്തരത്തിൽ പൂർണ്ണമായും നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ലെയ്സൺ ഓഫീസർ, ധനകാര്യ വകുപ്പ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത്
ശ്രീ. സഹദേവൻ, സവിത ഭവൻ, ചിറക്കര, കല്ലുവാതുക്കൽ,
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. എസ്.എഫ്.സി.ബി3/23/23/ധന)

ഉത്തരവിൻ പ്രകാരം

Hajlavi

സെക്ഷൻ ഓഫീസർ